## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം . 3003
### 2016 ഒക്ടോബർ 18 ന് മറുപടി നൽകേണ്ടത്
### കോതമംഗലം മണ്ഡലത്തിലെ പദ്ധതികൾ

| ചോദ്യം<br><br>ശ്രീ. ആന്റണി ജോൺ | മറുപടി<br><br>ഡോ. റ്റി. എം. തോമസ് ഐസക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|
| എ) 2016-17 വർഷത്തെ ബജറ്റിൽ കോതമംഗലം മണ്ഡലത്തിൽ ഏതൊക്കെ പ്രവൃത്തികൾക്ക് എത്ര തുക വീതം നീക്കി വച്ചിട്ടുണ്ട് ; | 1) ആസ്തി വികസന ഫണ്ട് ( എൽ എ സി - എ ഡി എസ് ) ഇനത്തിൽ 5 കോടി രൂപയും എം .എൽ .എ മാരുടെ പ്രത്യേക വികസന നിധി (എം .എൽ .എ – എസ് .ഡി .എഫ് ) ഇനത്തിൽ 1 കോടി രൂപയും കോതമംഗലം മണ്ഡലത്തിനായി 2016-17 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്.<br><br>2) ഭവന നിർമ്മാണ ബോർഡ് വഴി 2016-17 വർഷത്തെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ ഈ വർഷം ശരാശരി 2.94 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു റവന്യൂ ടവർ കോതമംഗലത്ത് പ്രഖ്യാപിച്ചിട്ടുണ്ട്<br><br>3) ടി മണ്ഡലത്തിൽ ജല വിതരണ പദ്ധതികൾക്കായി നീക്കിവച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധം I-ലും മറ്റു പ്രവൃത്തികൾക്കായി വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ അനുബന്ധം II-ലും ചേർക്കുന്നു. |
| ബി) പ്രസ്തുത പദ്ധതികൾ ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ? | 1) ആസ്തി വികസന ഫണ്ട് (എൽ എ സി - എ ഡി എസ്), എം .എൽ .എ മാരുടെ പ്രത്യേക വികസന നിധി (എം. എൽ .എ –എസ്.ഡി.എഫ്) എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾക്കായുള്ള ശിപാർശകൾ ലഭിക്കുന്നമുറയ്ക്ക് നടപടികൾ കൈക്കൊള്ളുന്നതാണ്.<br><br>2) നിലവിൽ കോതമംഗലത്ത് റവന്യൂ ടവർ പ്രവർത്തിച്ചു വരുന്നതിനാൽ പുതുതായി ഒരു റവന്യൂ ടവർ നിർമ്മിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് എറണാകുളം ജില്ലാ കളക്ടറോട് |

| | |
|---|---|
| | അഭ്യർത്ഥിച്ചിട്ടുണ്ട്<br><br>3) വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട പദ്ധതികൾ സർക്കാരിന്റെ പ്രത്യേക നിക്ഷേപ പദ്ധതിയിൽ (കിഫ്ബി) ഉൾപ്പെടുത്തി അംഗീകാരത്തിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>4) മണ്ഡലത്തിലെ മറ്റ് പ്രവൃത്തികൾ ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം III-ൽ ചേർക്കുന്നു. ഇതു കൂടാതെ പ്രത്യേക നിക്ഷേപ പദ്ധതിയിൽപ്പെടുത്തിയും പ്രവൃത്തികൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. |

**അക്കൗണ്ട്സ് ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**